# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4559 18.05.2017- ൽ മറുപടിക്ക്**

### ടെക്സ്റ്റയിൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ടെക്സ്റ്റയിൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക കോട്ടയം ടെക്സ്റ്റയിൽസ് എംപ്ലോയിസ് സഹകരണ സംഘത്തിന് അടയ്ക്കാത്തതു സംബന്ധിച്ച വിഷയത്തിൽ ഈ തുക തിരിച്ചടയ്ക്കുന്നതിന് സർക്കാർ ഭാഗത്തു നിന്നും കോർപ്പറേഷന് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുമോ; | (എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക കോട്ടയം ടെക്സ്റ്റയിൽസ് എംപ്ലോയിസ് സഹകരണ സംഘത്തിന് അടയ്ക്കാൻ കഴിയാതെ വന്നത് തുടർച്ചയായ നഷ്ടം മൂലം ഉണ്ടായ പ്രവർത്തനമൂലധന ചോർച്ച കൊണ്ടാണ്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചമായാൽ മാത്രമേ തുക അടയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) ടെക്സ്റ്റയിൽ കോർപ്പറേഷൻ തുക അടയ്ക്കാത്തതുമൂലം സംഘത്തിനും, ജീവനക്കാർക്കും, റിട്ടയർ ചെയ്യുവർക്കും പലിശയിനത്തിൽ ഉണ്ടായിരിക്കുന്ന ബാധ്യത ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുക്കുമോ; ഇതുസംബന്ധിച്ച് വിശദീകരണം നൽകാമോ;<br><br>(സി) ഇത്തരത്തിൽ ടെക്സ്റ്റയിൽ കോർപ്പറേഷൻ എത്ര ലക്ഷം രൂപയാണ് സഹകരണ സംഘത്തിന് അടയ്ക്കുവാനുള്ളത്; ഈ തുക മുഴുവൻ എന്നേക്ക് അടച്ചുതീർക്കും എന്നറിയിക്കാമോ; ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചെടുത്ത തുക എങ്ങനെ വിനിയോഗിച്ചു എന്നും അറിയിക്കാമോ? | (ബി) & (സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ തുക അടയ്ക്കാത്തതുമൂലം സംഘത്തിനും, ജീവനക്കാർക്കും, പെൻഷൻ പറ്റിയവർക്കും പലിശയിനത്തിൽ ഉണ്ടായിരിക്കുന്ന ബാധ്യത ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം ടെക്സ്റ്റയിൽ കോർപ്പറേഷൻ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.<br>കോട്ടയം ടെക്സ്റ്റയിൽസിന് ഈ ഇനത്തിൽ സംഘത്തിന് 26.78 ലക്ഷം രൂപ അടയ്ക്കാനുണ്ട്. തുക അടച്ചു തീർക്കുന്നതിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ല. ശമ്പളത്തിൽ നിന്നും കിഴിച്ച തുക മറ്റ് ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ